**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

എസ് എഫ് സി-ബി2/53/2018/ധന തിരുവനന്തപുരം തിയതി 15/05/2018

**<u>പരിപത്രം</u>**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡേറ്റാ തിരുത്തലുകൾ നടത്തുന്നതിലേക്ക് അനുമതി നൽകികൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 25/05/2018 തിയതിയിലെ 460587/2017/ധന നമ്പർ പരിപത്രം

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന് പലതലത്തിൽ നിന്നും പരാതികൾ സർക്കാരിൽ ലഭിച്ച സാഹചര്യത്തിൽ ആയത് സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ഡേറ്റാ എൻട്രി താൽകാലികമായി തടഞ്ഞ് വയ്ക്കുകയുണ്ടായി. എന്നാൽ ഡേറ്റാ ബേസിൽ ഉൾപ്പെടുകയും സാക്ഷ്യ പത്രത്തിലെ പിശക് ,ബാങ്ക് അക്കൗണ്ടിലെ പിശക് , പ്രാദേശിക സർക്കാരിലെ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യാത്തത് തുടങ്ങിയവ നിമിത്തം പെൻഷൻ ലഭിക്കാത്തവരുടെ കാര്യത്തിൽ ആവശ്യമായ തിരുത്തലുകൾ ഡേറ്റാ ബേസിൽ വരുത്തുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഡേറ്റാ ബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഡേറ്റാ ബേസിൽ ഉൾക്കൊള്ളുകയും എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല, ആധാർ രേഖപ്പെടുത്തിയിട്ടില്ല, തെറ്റായ/ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ട് നമ്പർ., തെറ്റായ IFS Code, സെക്രട്ടറി ഡിജിറ്റൽ ഒപ്പ് വയ്ക്കാത്തത് തുടങ്ങിയ കരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ഡേറ്റാ ബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ ഇതിനാൽ അനുമതി നൽകുന്നു.
2. ഡേറ്റാ ബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള സംവിധാനം അടിയന്തിരമായി ഒരുക്കാൻ ഡി ബി ടി സെൽ , ഇൻഫർമേഷൻ കേരള മിഷൻ എന്നിവർക്ക് നിർദ്ദേശം നൽകുന്നു.
3. ഈ പരിപത്രത്തിന്റെ തിയ്യതി മുതൽ 20 ദിവസത്തിനുള്ളിൽ പ്രാദേശിക സർക്കാരുകൾ ആവശ്യമായ തിരുത്തലുകൾ ഡേറ്റാ ബേസിൽ വരുത്തേണ്ടതാണ്.
4. സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം വിവിധ കാരണങ്ങളാൽ അനർഹരാണെന്ന് കണ്ട് സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളെ അടിയന്തിരമായി ഡേറ്റാ ബേസിൽ നിന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നീക്കം ചെയ്യേണ്ടതാണ്.
5. സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം വിവിധ കാരണങ്ങളാൽ അനർഹരാണെന്ന് കണ്ട് സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളെ യാതൊരു

കാരണവശാലും പ്രാദേശിക സർക്കാർ തലത്തിൽ തിരികെ ഡേറ്റാ ബേസിൽ ഉൾക്കൊള്ളിക്കാൻ പാടില്ലാത്തതും തെറ്റായി ഒഴിവാക്കപ്പെട്ടു എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ഉത്തമ ബോധ്യം ഉള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഡി.ബി.ടി സെല്ലിൽ നൽകേണ്ടതും ഡി.ബി.ടി സെൽ ഇക്കാര്യത്തിൽ ഉചിത തീരുമാനം എടുക്കേണ്ടതുമാണ്. ഡി.ബി.ടി സെല്ലിന്റെ അനുമതിയോട് കൂടി മാത്രമേ ഗുണഭോക്താവിനെ ഡേറ്റാ ബേസിൽ പുന:പ്രവേശിപ്പിക്കാൻ പാടുള്ളൂ.

6. സത്യവാങ്മൂലം സമർപ്പിക്കാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകേണ്ടതും തുടർന്നും 15 ദിവസത്തിനുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാത്ത സാഹചര്യത്തിൽ അത്തരക്കാരെ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ